**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2096** **30-09-2025-ൽ മറുപടിയ്ക്ക്**

**<u>പറമ്പിക്കുളം - ആളിയാർ കരാർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. സനീഷ്കുമാർ ജോസഫ് (മുഖ്യമന്ത്രി)

**(എ)** പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം പാലക്കാട് മൂലത്തറ ഡാമിൽ നിന്നും ഓരോ ജലവർഷവും കേരളത്തിന് ലഭിക്കുന്ന 7.25 ടി. എം. സി. ജലത്തിൽ നിന്നും എത്ര അളവ് ജലമാണ് റൈറ്റ് ബാക്ക് കനാലിലൂടെ (ആർ. ബി. കനാൽ) വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കർഷകരുടെ ആവശ്യപ്രകാരമുള്ള ജലം കൃഷിക്കായും അതുപോലെ തന്നെ മേഖലയിലെ വരൾച്ച ഒഴിവാക്കുന്നതിനുമായി ജലവിതരണം നടത്തി വരുന്നു. കനാലുകളിൽ കൂടി ജലവിതരണം നടത്തുന്നതിന്റെ അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ കൃത്യമായി അളവുകൾ ലഭ്യമല്ല.

**(ബി)** 2010 മുതൽ 2025 വരെയുള്ള ജലവർഷങ്ങളിൽ ഓരോ വർഷവും എത്ര ദിവസം വീതം ആർ. ബി. കനാൽ വഴി ജലവിതരണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2010 - 2011 -167 Days

2011 - 2012 -157 Days

2012 -2013 -147 Days

2013 -2014 -211 Days

2014 - 2015 -138 Days

2015 - 2016 -133 Days

2016 -2017 -68 Days

2017 -2018 -151 Days

2018 -2019 -76 Days

2019 -2020 -89 Days

2020 - 2021 -102 Days

2021 -2022 -62 Days

2022 -2023 -43 Days

2023 -2024 -53 Days

2024 -2025 -59 Days

**(സി)** 2010 മുതൽ 2025 വരെ ഓരോ ജലവർഷവും ആർ. ബി. കനാൽ വഴി വിതരണം നടത്തിയ ജലത്തിന്റെ അളവ് ലഭ്യമാക്കുമോ;

**മറുപടി:** കർഷകരുടെ ആവശ്യപ്രകാരവും അതുപോലെ മേഖലയിലെ വരൾച്ച ഒഴിവാക്കുന്നതിനുമായാണ് ജലവിതരണം നടത്തി വരുന്നത്. കനാലുകളിൽ കൂടി ജലവിതരണം നടത്തുന്നതിന്റെ അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ കൃത്യമായി അളവുകൾ ലഭ്യമല്ല.

**(ഡി)** ചിറ്റൂർപുഴ പ്രദേശങ്ങളിൽ മൂലത്തറ ഡാമിൽ നിന്നും ജലവിതരണം നടത്തി വരുന്നത് ഏതു സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** നിലവിൽ 20.02.2010 – ലെ സ.ഉ (കൈ) നം.15/2010/ജ.വി.വ പ്രകാരവും പ്രൊജക്ട് അഡ്വൈസറി കമ്മിറ്റി (PAC) - യുടെ തീരുമാന പ്രകാരവും എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാര പ്രകാരവും ആവശ്യമുള്ള കൃഷി സ്ഥലങ്ങളിൽ ജലവിതരണം നടത്തുന്നു.

**സെക്ഷൻ ഓഫീസർ**